## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : * 31 — 01. 12. 2015 ൽ മറുപടിക്ക്

## നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്

ശ്രീ ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികളിൽ ഊർജ്ജ അവബോധം വളർത്തുക, ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബിയും ചേർന്ന് ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കാനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുമായിട്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിന്റെ തുടർച്ചയായി എനർജി മാനേജ്മന്റ് സെന്റർ, സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളത്തിൽ ഉടനീളം സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സി.ബി.എസ്.ഇ, പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജ ക്ലബ്ബുകൾ രൂപീകരിച്ചു. SEPയുടെ കീഴിൽ 2013-14 കാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും 10 സ്കൂളുകൾ എന്ന കണക്കിന് 410 സ്കൂളുകളെ ചേർക്കാൻ തീരുമാനിക്കുകയും 392 സ്കൂളുകൾ അംഗങ്ങളാകുകയും ചെയ്തു. ഈ വർഷം 2014-15 കാലയളവിൽ 2000 സ്കൂളുകളെ ചേർക്കാൻ തീരുമാനിച്ചതിൽ, 1500 സ്കൂളുകൾ ഇതിനകം ചേർന്നു. SEP നടത്തിപ്പിനായി ഇ.എം.സിയുടെ കീഴിൽ 14 ജില്ലകളിലും ഓരോ ജില്ലക്കും ഒന്ന് എന്ന കണക്കിന് 14 ജില്ല കോഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ |

| | | | |
|---|---|---|---|
| | | | ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. സ്കൂളുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയവർക്ക് സമ്മാനം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ